"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - സമാശ്വാസ തൊഴിൽ ദാന പദ്ധതി - ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിൽ ജോലി ചെയ്തു വരവെ മരണപ്പെട്ട ശിവകുമാർ കെ.-യുടെ മകനായ ശ്രീ അജിത് കുമാർ എസ്.- ന്റ പൊതുമരാമത്ത് വകുപ്പിൽ ഓവർ സീയർ ഗ്രേഡ് 3 തസ്തികയിൽ നിയമനാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(കൈ) നം.11/2026/H&FWD തീയതി,തിരുവനന്തപുരം, 12-01-2026

---

പരാമർശം:-

1. സ.ഉ.(പി) നം.12/99/P&ARD തീയതി 24.05.1999
2. പാലക്കാട് ജില്ലാ കളക്ടറുടെ 11.10.2019 തീയതിയിലെ DCPKD/9275/2019-A3 നമ്പർ കത്ത്
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 03.02.2020 തീയതിയിലെ ഇ എച്ച് 4 /90903/2019/ആ.വ.ഡ. നമ്പർ കത്ത്
4. സർക്കാർ കത്ത് നം.സി2/80/2020/ആ.കു.വ തീയതി 29.03.2022
5. സ.ഉ(സാധാ) നം.1245/2023/ആ.കു.വ തീയതി 25.05.2023
6. സ.ഉ.(അ) നം.12/2023/ഉ.ഭ.പ.വ തീയതി 14.07.2023
7. ശ്രീ അജിത് കുമാർ എസ് സമർപ്പിച്ച 03.09.2025 തീയതിയിലെ തസ്തികമാറ്റ അപേക്ഷ
8. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA(EKM) 1473/2025 കേസിലെ 07.10.2025 തീയതിയിലെ ഉത്തരവ്

**ഉത്തരവ്**

ആരോഗ്യ വകുപ്പിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിൽ ജോലി ചെയ്തു വരവെ 13.09.2018-ൽ മരണപ്പെട്ട ശിവകുമാർ കെ. എന്നയാളുടെ മകൻ ശ്രീ.അജിത് കുമാർ എസ്., ആശ്രിത നിയമന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ പരാമർശം (2) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

**2.** എസ്.എസ്.എൽ.സി.യും ഡിപ്ലോമ ഇൻ സിവിൽ എഞ്ചിനീയറിംഗ് (വാട്ടർ റിസോഴ്സ് മാനേജ്മെന്റ്)-ഉം പാസ്സായിട്ടുള്ള ടിയാളുടെ അപേക്ഷയിൽ ആവശ്യപ്പെട്ടതിൻ പ്രകാരം വ്യാവസായിക പരിശീലന വകുപ്പിൽ **ട്രെയിനിങ് ഇൻസ്ട്രക്ടർ (ഡ്രാഫ്റ്റ്മാൻ സിവിൽ)** / പട്ടികജാതി

വികസന വകുപ്പുകളിലെ ട്രെയിനിങ് ഇൻസ്ട്രക്ടർ/ ജൂനിയർ ഇൻസ്ട്രക്ടർ (ഡ്രാഫ്റ്റ്സ്മാൻ - സിവിൽ) തസ്തികയിലും, വ്യാവസായിക പരിശീലന വകുപ്പിലെ ജൂനിയർ ഇൻസ്ട്രക്ടർ [അരിത്തമാറ്റിക് കം ഡ്രായിംഗ്] തസ്തികകളിലും ഒഴിവുകൾ നിലവിലില്ല എന്ന് ടി വകുപ്പുകൾ അറിയിച്ചതിനെ തുടർന്ന് നിയമനം നല്കാൻ സാധിച്ചിരുന്നില്ല. മുൻഗണന ക്രമത്തിൽ ആവശ്യപ്പെട്ട മൂന്ന് തസ്തികകളിലും ഒഴിവില്ലായെന്ന് ബന്ധപ്പെട്ട വകുപ്പുകൾ അറിയിച്ച സാഹചര്യത്തിൽ പരാമർശം (1) ഉത്തരവിലെ ഖണ്ഡിക 20 പ്രകാരം, ആശ്രിതനിയമന പദ്ധതിക്ക് നീക്കിവച്ചിട്ടുള്ള ഒഴിവുകൾ നിലവിലുള്ള മറ്റ് വകുപ്പുകളിലോ, അല്ലാത്തപക്ഷം ക്ലാസ് III/IV തസ്തികകളിലോ നിയമനം ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുന്നതിനായി പരാമർശം (4) പ്രകാരം ശ്രീ.അജിത് കുമാർ എസ്- ന് സർക്കാർ നിർദ്ദേശം നൽകി. തുടർന്ന് പൊതുമരാമത്ത്, തദ്ദേശസ്വയംഭരണം, ഭൂജലം, ജലസേചനം, നഗരാസൂത്രണ വകുപ്പുകളിൽ ഓവർസിയർ ഗ്രേഡ് 3/ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് 3 തസ്തികയിൽ പരിഗണിക്കുന്നതിനായി അപേക്ഷകൻ 30.04.2022- ൽ അപേക്ഷ സമർപ്പിച്ചു.

**3.** തൊഴിലും നൈപുണ്യവും വകുപ്പിന്റെ 17/01/2023 ലെ സ.ഉ(സാധാ)നം. 57/2023/LBR ഉത്തരവനുസരിച്ച്, ഡിപ്ലോമ ഇൻ സിവിൽ എഞ്ചിനീയറിംഗ് യോഗ്യതയുള്ള ശ്രീ.അജിത്ത് കുമാർ എസ്, മൂന്നാതരം ഓവർസീയർ തസ്തികയിൽ നിയമനത്തിന് അർഹനല്ലായിരുന്നു. ടിയാൻ അപേക്ഷയിൽ പരാമർശിച്ച സാങ്കേതിക യോഗ്യതകൾ ആവശ്യമായ തസ്തികളിൽ നിയമനം നൽകുന്നതിന് നിർവാഹമില്ലാതിരുന്ന സാഹചര്യത്തിൽ, ടിയാൻ ആവശ്യപ്പെട്ടതിന്റെ കൂടെ അടിസ്ഥാനത്തിൽ, പാലക്കാട് ജില്ലയിൽ വിവിധ വകുപ്പുകളിൽ ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് ടിയാളുടെ നിശ്ചിത പ്രൊഫോർമ പൊതുഭരണ (സർവീസസ് ഡി) വകുപ്പിന് 20.05.2023- ൽ കൈമാറുകയും ആയത് അപേക്ഷകനെ യഥാസമയം അറിയിക്കുകയുമുണ്ടായി.

**4.** ആശ്രിത നിയമനം ആവശ്യപ്പെട്ട് അപേക്ഷകൻ, OA (EKM) 1936/2021, OA (EKM) 1283/2022 എന്നീ കേസുകൾ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്തിരുന്നു. മാതൃ വകുപ്പായ ആരോഗ്യ വകുപ്പിലെ തസ്തികകളായിരുന്നില്ല അപേക്ഷകൻ ആവശ്യപ്പെട്ടിരുന്നതെന്ന വസ്തുതയടക്കം ടിയാന് ജോലി നൽകാൻ സാധിക്കാതിരുന്നതിന്റെ കാരണങ്ങൾ വിശദീകരിച്ചുകൊണ്ട് OA (EKM) 1283/2022 കേസിൽ ബഹു. ട്രൈബ്യൂണൽ പുറപ്പെടുവിച്ച 07.03.2023- ലെ ഉത്തരവ് അനുപാലനം ചെയ്ത് പരാമർശം (5) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

**5.** തൊഴിലും നൈപുണ്യവും വകുപ്പിന്റെ 17/01/2023 ലെ സ.ഉ (സാധാ) നം. 57/2023/LBR ഉത്തരവിന്റെ സാധുത ബഹു. ഹൈക്കോടതിയും ബഹു. സുപ്രീം കോടതിയും പരിഗണിച്ചിരുന്നുവെന്നും കോടതി വിധികളുടെ അടിസ്ഥാനത്തിൽ ഡിപ്ലോമ യോഗ്യതയുള്ളവർക്കും ഓവർസിയർ ഗ്രേഡ് 3 തസ്തികയിൽ അപേക്ഷിക്കുന്നതിന് നിലവിൽ അർഹനാണെന്നും ചൂണ്ടിക്കാട്ടി ശ്രീ അജിത് കുമാർ എസ്, പരാമർശം (7) പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചു. അതോടൊപ്പം, ടിയാൻ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ O.A (EKM) 1473/2025 നമ്പർ കേസ് ഫയൽ ചെയ്തു. ചീഫ് സെക്രട്ടറിയെയും ആരോഗ്യ കുടുംബക്ഷേമം, തദ്ദേശസ്വയംഭരണം, പൊതുമരാമത്ത് വകുപ്പുകളുടെ

സെക്രട്ടറിമാരെയും യഥാക്രമം 1 മുതൽ 4 വരെ എതിർകക്ഷികളാക്കി ഫയൽ ചെയ്ത O.A (EKM) 1473/2025 കേസിൽ ചുവടെപ്പറയുന്ന ആരോപണങ്ങൾ ടിയാൻ ഉന്നയിച്ചിരുന്നു.

- അശ്രിത നിയമനം അനുവദിക്കുന്നതിൽ എതിർകക്ഷികൾ നടപടി സ്വീകരിച്ചിട്ടില്ല. തൻമൂലം തനിക്ക് ലഭിക്കാമായിരുന്ന സർവ്വീസ് കരിയർ ഇല്ലാതാകുകയും തന്റെ ഭാവി ഇരുളടഞ്ഞതാകുകയും ചെയ്തു.

- എതിർകക്ഷികളുടെ കീഴിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരുടെ ഉദാസീന മനോഭാവം (indifferent attitude) മൂലമാണ് 6 വർഷങ്ങൾ പിന്നിട്ടശേഷവും തനിക്ക് അശ്രിത നിയമനം ലഭിക്കാതിരുന്നത്.

**6.** മേൽ വിവരിച്ച ആരോപണങ്ങളുടെ അടിസ്ഥാനത്തിൽ ആദ്യ അപേക്ഷ തീയതിയായ 14.05.2019 പ്രാബല്യത്തിൽ ഓവർസിയർ ഗ്രേഡ് 3 തസ്തികയിൽ നിയമനത്തിന് താൻ യോഗ്യനാണെന്ന് പ്രഖ്യാപിക്കുന്നതിനായും 14.05.2019 പ്രാബല്യത്തിൽ ഓവർസിയർ ഗ്രേഡ് 3 തസ്തികയിൽ നിയമനം നൽകുന്നതിന് എതിർകക്ഷികൾക്ക് നിർദ്ദേശം നൽകുന്നതിനുമായാണ് ടിയാൻ O.A (EKM) 1473/2025 കേസ് ഫയൽ ചെയ്തിരിക്കുന്നത്. ബഹു. ട്രിബ്യൂണലിന്റെ പരാമർശം (8) ഉത്തരവിൽ, ശ്രീ അജിത് കുമാർ എസ്- ന്റെ അപേക്ഷ നിയമാനുസൃതം പരിഗണിച്ച് 6 ആഴ്ചക്കുള്ളിൽ ഉത്തരവാകുവാൻ സർക്കാരിനു നിർദേശം നൽകിയിരുന്നു.

**7.** പാലക്കാട് ജില്ലയിൽ വിവിധ വകുപ്പുകളിൽ ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയിൽ അശ്രിത നിയമനം നൽകുന്നതിന് ശ്രീ അജിത് കുമാർ എസ്- എന്ന അപേക്ഷകനെ സർക്കാർ പരിഗണിക്കുയും ടിയാനെ ബന്ധപ്പെട്ട സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സീനിയോറിറ്റി ലിസ്റ്റിലെ ക്രമത്തിൽ മാത്രമെ ടിയാന് നിയമനം നൽകാൻ സാധിക്കുകയുള്ളൂവെന്നിരിക്കെ ആശ്രിത നിയമനത്തിനുള്ള അവസരം വൈകി എന്നത് വസ്തുതാപരമല്ല. അപേക്ഷകനെക്കാളും മുന്നേ അപേക്ഷ സമർപ്പിച്ച് നിയമനത്തിനായി കാത്തിരിക്കുന്നവർ ധാരാളമുണ്ട് എന്നിരിക്കെ ശ്രീ അജിത് കുമാർ-ന്റെ ആരോപണം അടിസ്ഥാനരഹിതമാണ്.

**8.** Canara Bank Vs Ajith Kumar G.K. (Civil Appeal No. 255/2025) എന്ന കേസിൽ ബഹു. സുപ്രീംകോടതി താഴെ പറയും പ്രകാരം നിരീക്ഷിച്ചിട്ടുണ്ട്.

*"The underlying idea behind compassionate appointment in death-in-harness cases appears to be that the premature and unexpected passing away of the employee, who was the only bread earner for the family, leaves the family members in such penurious condition that but for an appointment on compassionate ground, they may not survive. There cannot be a straitjacket formula applicable uniformly to all cases of employees dying-in-harness which would warrant appointment on compassionate grounds. Each case has its own peculiar features and is required to be dealt with bearing in mind the financial condition of the family. It is only in "hand-to-mouth" cases that a claim for compassionate appointment ought to be considered and granted, if at all other conditions are satisfied. Such "hand-to-mouth" cases would include cases where the family of the deceased is 'below poverty line' and struggling to pay basic expenses such as food, rent, utilities, etc., arising out of lack of any steady source of sustenance. This has to be distinguished from a mere fall in standard of life arising out of the death of the bread earner".*

**9.** 07.12.2018- ൽ കുഴൽമന്ദം വില്ലേജ് ഓഫീസർ അപേക്ഷകന്റെ മാതാവിന്റെ പേരിൽ നൽകിയ വരുമാന സർട്ടിഫിക്കറ്റ് പ്രകാരം അപേക്ഷകന്റെ കുടുംബവാർഷിക വരുമാനം 7,84,136/- രൂപയാണ്. ആശ്രിത നിയമനത്തിനായുള്ള നിലവിലെ വരുമാനപരിധി 8 ലക്ഷം രൂപയാണ്. പിന്നീട് അപേക്ഷകന്റെ മാതാവ് 29.05.2020- ലെ സ.ഉ (സാധാ) നം. 983/2020/ആ.കു.വ പ്രകാരം ഡെപ്യൂട്ടി നേഴ്സിംഗ് സൂപ്രണ്ട് തസ്തികയിൽ നിന്നും നേഴ്സിംഗ് സൂപ്രണ്ട് തസ്തികയിലേക്കും തുടർന്ന് സ.ഉ (സാധാ) നം. 2721/2022/ആ.കു.വ തീയതി 14.11.2022 പ്രകാരം ചീഫ് നേഴ്സിംഗ് ഓഫീസറായും സ്ഥാനക്കയറ്റം ലഭിച്ച വ്യക്തിയാണ്. പരേതന്റെ ആശ്രിതരായി ടിയാളുടെ മാതാവും സർക്കാർ സർവ്വീസിൽ സേവനമുണ്ടായിരുന്ന വിധവയും മകനായ അപേക്ഷകനും മാത്രമാണ് ഉള്ളത്.

**1 0 .** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അപേക്ഷകന്റെ ജനനത്തീയതി 14.05.1993 യും കുടുംബ വാർഷിക വരുമാനം 7,84,136/- രൂപയുമാണ്. ശ്രീ.അജിത് കുമാർ.എസ്, പരേതന്റെ നിയമാനുസൃത അവകാശിയാണ്. പരേതന്റെ മറ്റു ആശ്രിതരൊന്നും തന്നെ ഈ പദ്ധതി പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പരേതന്റെ മറ്റു അവകാശികൾ ആശ്രിത നിയമനത്തിനുള്ള അവകാശം അപേക്ഷകന് നൽകികൊണ്ട് സമ്മതപത്രം നല്കിയിട്ടുള്ളതാണ്.പരേതന്റെ മറ്റു അവകാശികളെ സംരക്ഷിച്ചുകൊള്ളാമെന്നു അപേക്ഷകന് സത്യവാങ്മൂലം സമർപ്പിച്ചിട്ടുള്ളതാണ്. എസ്.എസ്.എൽ.സി, ഡിപ്ലോമ ഇൻ സിവിൽ എഞ്ചിനീയറിംഗ് എന്നിവ പാസായിട്ടുള്ള അപേക്ഷകന് നിലവിൽ 32 വയസ്സ് പൂർത്തിയായിട്ടുണ്ട്. ആശ്രിത നിയമന പദ്ധതി പ്രകാരം അപേക്ഷകന് ജോലി നൽകാവുന്നതാണെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടറും, പാലക്കാട് ജില്ലാ കലക്ടറും ശിപാർശ ചെയ്തിരുന്നതും, ആശ്രിത നിയമന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിനുള്ള പരാമർശം (1) പ്രകാരമുള്ള വ്യവസ്ഥകൾ അപേക്ഷകന്റെ കാര്യത്തിൽ പാലിച്ചിട്ടുള്ളതുമാണ്.

**11.** OP (KAT) No.81/2024 കേസിൽ ബഹു. ഹൈക്കോടതി 18.07.2025 -ൽ പുറപ്പെടുവിച്ച വിധിയുടെ അടിസ്ഥാനത്തിൽ, സിവിൽ എഞ്ചിനീയറിംഗ് ഡിപ്ലോമ കരസ്ഥമാക്കിയിട്ടുള്ളവർക്ക് പൊതുമരാമത്ത് വകുപ്പിൽ ഓവർസിയർ ഗ്രേഡ് 3 തസ്തികയിൽ നിയമനം നൽകുന്നതിന് നിലവിൽ നിയമതടസ്സമില്ലായെന്ന് പൊതുമരാമത്തു വകുപ്പ് അറിയിച്ചിട്ടുണ്ട്. ആശ്രിത നിയമനത്തിനായി ടിയാൻ സമർപ്പിച്ച അപേക്ഷയിലെ സാധുവായ അപേക്ഷ തീയതി 14.05.2019 ആയിരുന്നു. ആശ്രിത നിയമനത്തിനുള്ള മാർഗനിർദേശങ്ങൾ പരിഷ്കരിച്ചുകൊണ്ടു പുറപ്പെടുവിച്ച പരാമർശം ഉത്തരവിന്റെയും, ആയതിനു സ്പഷ്ടീകരണമായി പുറപ്പെടുവിച്ച സർക്കുലറിന്റെയും അടിസ്ഥാനത്തിൽ ആശ്രിത നിയമനത്തിനായി അപേക്ഷ സമർപ്പിച്ച വേളയിൽ കരസ്ഥമാക്കിയിരുന്ന യോഗ്യതകളുടെ അടിസ്ഥാനത്തിൽ തസ്തികമാറ്റം ആവശ്യപ്പെടുന്ന സാഹചര്യത്തിൽ വാലിഡ് ആപ്ലിക്കേഷൻ തീയതിയായി ആദ്യ അപേക്ഷയുടെ വാലിഡ് ആപ്ലിക്കേഷൻ തീയതി പരിഗണിക്കാവുന്നതാണ്.

**12.** മേൽ സാഹചര്യത്തിൽ പാലക്കാട് ജില്ലാ കളക്ടറുടെയും, ആരോഗ്യ വകുപ്പ് ഡയറക്ടറുടെയും ശിപാർശയുടെ അടിസ്ഥാനത്തിൽ, പരാമർശം (1), (4) സർക്കാർ ഉത്തരവുകളിലെയും സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനം സംബന്ധിച്ച മറ്റ് ഉത്തരവുകളിലെയും ആയതിലെ ഭേഗതികളിലേയും വ്യവസ്ഥകൾക്ക് വിധേയമായി പാഞ്ഞാൾ പ്രാഥമികാരോഗ്യ

കേന്ദ്രത്തിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിൽ സേവനത്തിലിരിക്കെ 13.09.2018-ൽ മരണപ്പെട്ട ശിവകുമാർ കെ. എന്നയാളുടെ മകൻ ശ്രീ.അജിത് കുമാർ എസ്-നു സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം, വാലിഡ് ആപ്ലിക്കേഷൻ തീയതി പ്രകാരമുള്ള സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ, വിദ്യാഭ്യാസ യോഗ്യതയുടെയും മറ്റ് രേഖകളുടെയും പരിശോധനക്ക് വിധേയമായി പൊതുമരാമത്ത് വകുപ്പിൽ മൂന്നാം ഗ്രേഡ് ഓവർസിയർ തസ്തികയിലേയ്ക്ക് ആശ്രിതനിയമനം നൽകുന്നതിനു പൊതുമരാമത്ത് വകുപ്പ് ചീഫ് എൻജിനീയർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഒരു വർഷം ഉണ്ടാകുന്ന ആകെ ഒഴിവുകളുടെ 5% കണക്കാക്കി മാത്രമെ ആശ്രിത നിയമനത്തിനായുള്ള ഒഴിവുകൾ നിജപ്പെടുത്താവൂ എന്നിരിക്കെ ടി വ്യവസ്ഥ പാലിച്ചുകൊണ്ട് മാത്രം അപേക്ഷകന് നിയമനം നൽകേണ്ടതാണ്.

**13.** ടിയാന്റെ വയസ്സ്, യോഗ്യത, സ്വഭാവം, മുൻകാലചരിത്രം, മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ പരിശോധിച്ച ശേഷം, ചട്ടപ്രകാരമുള്ള മറ്റു നടപടികൾ പാലിച്ച് കൊണ്ട് പൊതുമരാമത്ത് വകുപ്പ് ചീഫ് എൻജിനീയർ യഥാവിധി നിയമന ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്. സംസ്ഥാന സർവ്വീസിലെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ അപേക്ഷകന്റെ സമീപകാല പാസ്പോർട്ട് സൈസ് ഫോട്ടോ നിയമനാധികാരി മുമ്പാകെ അപേക്ഷകൻ ഹാജരാക്കേണ്ടതാണ്. നിയമന ഉത്തരവിന്റെ പകർപ്പ് നിയമനാധികാരി സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

**14.** അപേക്ഷകൻ, നിയമനം ലഭിക്കുന്നത് മുതൽ പരേതനായ ജീവനക്കാരന്റെ മാതാവ്, വിധവ എന്നിവരെ അവരുടെ ജീവിതാന്ത്യം വരെയും സംരക്ഷിക്കേണ്ടതാണ്. ആയത് ലംഘിക്കുന്ന പക്ഷം പരാമർശം (4) ഉത്തരവിലെ 5 (x) പ്രകാരമുള്ള നടപടികൾ ടിയാനെതിരെ സ്വീകരിക്കാൻ നിയമാനാധികാരിക്ക് നിർദ്ദേശം നൽകുന്നു.

**15.** അപേക്ഷകൻ സമർപ്പിച്ച വിശദാംശങ്ങൾ തെറ്റാണെന്ന് ഭാവിയിൽ ഏതെങ്കിലും അന്വേഷണത്തിൽ കണ്ടെത്തുകയോ, ഉത്തരവ് തെറ്റായാണ് പുറപ്പെടുവിച്ചതെന്ന് ബോധ്യമാവുകയോ ചെയ്താൽ ടി അനുമതി ഉത്തരവ് റദ്ദ് ചെയ്യാനുള്ള അവകാശം സർക്കാരിൽ നിക്ഷിപ്തമായിരിക്കും. ശ്രീ.അജിത് കുമാർ എസ്-നു ആശ്രിത നിയമന പദ്ധതി പ്രകാരം നിയമനം ലഭിച്ചത് സംബന്ധിച്ച വിവരങ്ങൾ പരേതനായ ജീവനക്കാരന്റെ സേവന പുസ്തകത്തിലും പരേതനായ ജീവനക്കാരൻ അവസാനമായി ജോലി ചെയ്ത ഓഫീസിലെ എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും ചേർത്ത് ഓഫീസ് തലവൻ/വകുപ്പ് തലവൻ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

**16.** ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം 8 ഉത്തരവ് ഇപ്രകാരം അനുപാലനം ചെയ്യുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
ജോയിന്റ് സെക്രട്ടറി

ശ്രീ. അജിത് കുമാർ എസ്., ശ്രീ കൃപ വീട്, കൊഴിഞ്ഞം പറമ്പ്, കുഴൽമന്ദം പി.ഓ, പാലക്കാട്, 678702 (രജിസ്റ്റേർഡ് തപാലിൽ)

ചീഫ് എഞ്ചിനീയർ (ഭരണ വിഭാഗം), പൊതുമരാമത്ത് വകുപ്പ്, പബ്ലിക് ഓഫീസ് കോമ്പ്ലക്സ്, തിരുവനന്തപുരം
ആരോഗ്യ വകുപ്പ് ഡയറക്ടർ തിരുവനന്തപുരം
ജില്ലാ കളക്ടർ, പാലക്കാട്
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), പാലക്കാട്/തൃശ്ശൂർ
പൊതുഭരണ (സർവീസസ്-ഡി) വകുപ്പ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Prijith. G
Date: 12-01-2026 15:39:19
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്